**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **09-08-2023 - ൽ മറുപടിയ്ക്ക്**

**മിഷൻ-1000 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി ഈ സർക്കാർ ആരംഭിച്ച സംരംഭകവർഷം, സംരംഭകവർഷം 2.0 എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിക്കുകയും 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതി നടപ്പാക്കുകയും ചെയ്തു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതി ആരംഭിച്ച് 245 ദിവസം കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിച്ചു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022-23 സാമ്പത്തിക വർഷം 139,840 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422കോടി രൂപയുടെ നിക്ഷേപവും 300,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ സാമ്പത്തിക വർഷവും (2023-24) ഇതേ മാതൃകയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ “സംരംഭക വർഷം 2.0” എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് 2 വരെയുള്ള കണക്കു പ്രകാരം 8771പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി 575.50കോടി രൂപയുടെ നിക്ഷേപവും 18467 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>താഴെപറയുന്ന പ്രധാന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്<br><br>1.ആസൂത്രണവും ബോധവൽക്കരണവും<br><br>• ബോട്ടം-അപ്പ് പ്ലാനിംഗിലൂടെ ജില്ല തിരിച്ചുള്ള ലക്ഷ്യം നിശ്ചയിക്കുന്നു<br>• 2022-23 സാമ്പത്തിക വർഷത്തിലെ പ്രകടനം അവലോകനം ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | | | ജില്ലാ, തദ്ദേശ സ്ഥാപന തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ നടത്തുന്നു.<br>• 2023-24 സാമ്പത്തിക വർഷത്തിനായുള്ള വിശദമായ പ്രവർത്തന പദ്ധതി രൂപീകരിക്കുന്നു.<br>• എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭകർക്കായി പൊതു ഓറിയന്റേഷൻ ക്യാമ്പെയ്നുകൾ<br><br>2.എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പ, ലൈസൻസ്, സബ്സിഡി ക്യാമ്പെയിൻ<br><br>3.ജില്ലാതലത്തിലുള്ള മാർക്കറ്റിംഗ് കാമ്പെയ്ൻ<br><br>4.മെന്ററിംഗ്, നെറ്റ്‌വർക്കിംഗ്, ആത്മവിശ്വാസം വളർത്തൽ<br><br>• മെന്ററിംഗ് സിസ്റ്റം സമാരംഭിക്കുക; മെന്റർമാരെയും എംഎസ്എംഇ-കളെയും മെന്ററിംഗ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുക.<br>• എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എം.എസ്.എം.ഇ-കളെ (പുതിയതും നിലവിലുള്ളതും) നെറ്റ്‌വർക്കിംഗ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുക<br>• MSME സംഗമം |
| (ബി) | സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്തുന്നതിനായി നടപ്പാക്കുന്ന മിഷൻ-1000 പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകമോ; | (ബി) | കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ ശരാശരി 100 കോടി വിറ്റുവരവ് ഉള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ട് വരാനുള്ള പദ്ധതിയാണ് മിഷൻ-1000.<br><br>വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് MSME-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്. സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ യോഗ്യതകൾ:<br><br>• UDYAM രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത ഒരു MSME ആയിരിക്കണം<br>• കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനത്തിലായിരിക്കണം (2023 മാർച്ച് 31 വരെ)<br>• ഉത്പാദന/സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം<br><br>പദ്ധതിയിലേക്ക് അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. നിക്ഷേപം, വാർഷിക |

| | | | |
|---|---|---|---|
| | | | വിറ്റുവരവ്, ലാഭം, ശേഷിവിനിയോഗം കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ, പോർട്ടലിൽ MSME-കൾ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, ഒരു സ്കോറിംഗ് മാനദണ്ഡം ഉപയോഗിച്ച് എംഎസ്എംഇ-കളെ റാങ്ക് ചെയ്യും. റാങ്ക് ലിസ്റ്റിൽ നിന്ന് മികച്ച 1000 യൂണിറ്റുകളെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കും.<br><br>സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്കുള്ള വിവിധ പ്രോത്സാഹനങ്ങൾ:<br><br>1.മൂലധന നിക്ഷേപ സബ്സിഡി<br><br>2.പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി<br><br>3.സ്കെയിലിങ്ങിനായി ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം<br><br>4.തിരഞ്ഞെടുക്കപ്പെട്ട ഓരോ എംഎസ്എംഇ-ക്കും അവരുടെ വിവിധ സ്കെയിലിംഗ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതാണ്. |
| (സി) | മിഷൻ-1000 പദ്ധതി പ്രകാരം സഹായം ലഭ്യമാക്കുന്ന മുൻഗണനാ മേഖലകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. 2023-ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള മുൻഗണനാ മേഖലകളിൽ താഴെപറയുന്ന 21 മേഖലകൾ, മിഷൻ- 1000 ന്റെ മുൻഗണനാ മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1.എയ്റോസ്പേസ് &ഡിഫൻസ്<br><br>2.നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ<br><br>3.ആയുർവേദം<br><br>4.ബയോടെക്നോളജി &ലൈഫ് സയൻസസ്<br><br>5.രൂപകല്പന<br><br>6.ഇലക്ട്രിക് വാഹനങ്ങൾ<br><br>7.എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും<br><br>8.ഇലക്ട്രോണിക് സിസ്റ്റം രൂപകല്പനയും ഉല്പാദനവും<br><br>9.ഭക്ഷ്യ സാങ്കേതിക വിദ്യകൾ |

| | | | |
|---|---|---|---|
| | | | 10.ഗ്രാഫീൻ<br><br>11.ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉല്പന്നങ്ങൾ<br><br>12.ഹൈടെക് ഫാമിംങ്ങും മൂല്യവർദ്ധിത തോട്ടവിളയും<br><br>13.ലോജിസ്റ്റിക്സ് & പാക്കേജിംഗ്<br><br>14.മാരിടൈം മേഖല<br><br>15.മെഡിക്കൽ ഉപകരണങ്ങൾ<br><br>16.നാനോ ടെക്നോളജി<br><br>17.ഫാർമസ്യൂട്ടിക്കൽസ്<br><br>18റീസൈക്ലിംഗും മാലിന്യ സംസ്കരണവും<br><br>19.പുനരുപയോഗ ഊർജ്ജം<br><br>20.വിനോദ സഞ്ചാരവും ആതിഥേയത്വവും<br><br>21.3D പ്രിന്റിംഗ് |

സെക്ഷൻ ഓഫീസർ